## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1087** **06.02.2020-ൽ മറുപടിക്ക്**

## കാരന്തൂർ- പടനിലം ബൈപ്പാസ് പദ്ധതി

**ചോദ്യം**

**ശ്രീ.പി.ടി.എ. റഹീം**

(എ) നാഷണൽ ഹൈവേ 766 ന് സമാന്തരമായി കുന്ദമംഗലം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കാരന്തൂർ, പണ്ടാരപ്പറമ്പ, ഉണ്ടോടിക്കടവ്, പടനിലം ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബൈപ്പാസ് നിർമ്മിക്കാനുള്ള പദ്ധതി ആർ.ബി.ഡി.സി.കെ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടമായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഓരോ ഘട്ടത്തിനും എത്ര രൂപ വീതം ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ഡി) ബജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം വെളിപ്പെടുത്താമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

കിഫ്ബിയിൽ ഉൾപ്പെടുത്തി പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് ബൈപ്പാസിന് 27.09.2016-ലെ സ.ഉ(സാധാ) നം.1324/2016/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയുമുണ്ടായി. പ്രസ്തുത ബൈപ്പാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിപ്പിക്കപ്പെടാത്തതിനാൽ ദേശീയപാതയുടെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആർ.ബി.ഡി.സി.കെ ആവശ്യപ്പെടുകയുണ്ടായി. പ്രവൃത്തിക്കായി ഓരോ ഘട്ടങ്ങളിലും പ്രതീക്ഷിക്കുന്ന ഏകദേശ ചെലവ് ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ സമർപ്പിച്ച പ്രൊജക്റ്റ് കൺസപ്റ്റ് നോട്ട് പ്രകാരമുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഫേസ് | റോഡ് സ്ട്രെച്ച് | അപ്രോക്സിമേറ്റ് കോസ്റ്റ് |
|---|---|---|
| ഫേസ് -1 | പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് | 62.15 കോടി |
| ഫേസ് -2 | ഉണ്ടോടിക്കടവ് - പടനിലം | 24.90 കോടി |
| ഫേസ് -3 | പണ്ടാരപ്പറമ്പ് - കാരന്തൂർ | 96.40 കോടി |

ആർ.ബി.ഡി.സി.കെ സമർപ്പിച്ച പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ